**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 219** | **01-02-2023 - ൽ മറുപടിയ്ക്ക്**

**കോട്ടായി കുടുംബാരോഗ്യകേന്ദ്രം നവീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തരൂർ മണ്ഡലത്തിലെ കോട്ടായി കുടുംബാരോഗ്യകേന്ദ്രം നവീകരിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ; | (എ) | തരൂർ മണ്ഡലത്തിലെ കോട്ടായി കുടുംബാരോഗ്യകേന്ദ്രം ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആയതിന്റെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾക്കായി ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 14,00,000/- രൂപയുടെ (പതിനാല് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കു ശേഷം ആർദ്രം പദ്ധതിയുടെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കുടുംബാരോഗ്യകേന്ദ്രം നബാർഡ് ഫണ്ട് ഉപയോഗപ്പെടുത്തി നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ